ഉത്തരം

(എ) ചാത്തൻകോട്ടുനട ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ നിന്നും നിലവിലുള്ള കരാറുകാരായ കോറമാൻഡൽ എനർജി പ്രൈവറ്റ് ലിമിറ്റഡ്-കോറമാൻഡൽ ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ്-ബോവിംഗ് ഫോറസ് പ്രൈവറ്റ് ലിമിറ്റഡ്-കൺസോർഷ്യം ഒഴിവായിട്ടില്ല.

(ബി) ബാധകമല്ല.

2006 മുതൽ 2011 വരെ വൈദ്യുതി വിതരണ രംഗത്ത് പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ

52 (2290) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006 മുതൽ 2011 വരെ വൈദ്യുതി വിതരണ രംഗത്ത് പൂർത്തീകരിച്ച പ്രവൃത്തികളുടെ താഴെപ്പറയും പ്രകാരമുള്ള വിശദാംശങ്ങൾ ഓരോ വർഷത്തെയും പ്രത്യേകമായി ലഭ്യമാക്കുമോ; 1. HT ലൈൻ നിർമ്മാണം എത്രയെന്ന കിലോമീറ്ററിൽ, 2. LT ലൈൻ നിർമ്മാണം എത്രയെന്ന കിലോമീറ്ററിൽ, 3. വിതരണ ട്രാൻസ്ഫോമർ സ്ഥാപിച്ചതിന്റെ എണ്ണം, 4. പുതുതായി നൽകിയ കണക്ഷനുകളുടെ എണ്ണം, 5. കേടായ മീറ്ററുകൾ മാറ്റി സ്ഥാപിച്ചതിന്റെ എണ്ണം.

(ബി) 2011 മുതൽ 2014 ഒക്ടോബർ വരെ മേൽപ്പറഞ്ഞ പ്രവൃത്തികൾ ഓരോ വർഷവും പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ പ്രത്യേകമായി ലഭ്യമാക്കുമോ ?

ഉത്തരം

(എ)

	സാമ്പത്തിക വർഷം					
	2005-06	2006-07	2007-08	2008-09	2009-10	2010-11
എച്ച്.റ്റി. ലൈൻ നിർമ്മാണം (കി.മീ.)	1062.06	1820	1806.88	3018.4	3398.27	3644.67
എൽ.റ്റി. ലൈൻ നിർമ്മാണം (കി.മീ.)	7440.6	8228.5	8128.37	7636.27	7837.95	6928.69
വിതരണ ട്രാൻസ്ഫോർമർ സ്ഥാപിച്ചതിന്റെ എണ്ണം (നമ്പർ)	1751	2124	2553	4109	5790	5800
പുതുതായി നൽകിയ കണക്ഷനുകളുടെ എണ്ണം (നമ്പർ)	548521	478745	482766	444794	447817	442611
കേടായ മീറ്ററുകൾ മാറ്റി സ്ഥാപിച്ചതിന്റെ എണ്ണം (നമ്പർ)	636256	269844	580484	644256	1021538	708556

LIBRARY ARCHIVES Kerala Legislative Assembly

(ബി)

പ്രവൃത്തികൾ	സാമ്പത്തിക വർഷം				
	2010-11	2011-12	2012-13	2013-14	2014 (ഏപ്രിൽ മുതൽ ഒക്ടോബർ വരെ)
എച്ച്.റ്റി. ലൈൻ നിർമ്മാണം (കി.മീ.)	3644.67	2572.24	1579.21	1883.79	852.6
എൽ.റ്റി. ലൈൻ നിർമ്മാണം (കി.മീ.)	6928.69	4089	3066.16	3734.82	1776.99
വിതരണ ട്രാൻസ്ഫോർമർ സ്ഥാപിച്ചതിന്റെ എണ്ണം (നമ്പർ)	5800	4375	2643	3200	1783
പുതുതായി നൽകിയ കണക്ഷനുകളുടെ എണ്ണം (നമ്പർ)	442611	413669	403421	415216	228822
കേടായ മീറ്ററുകൾ മാറ്റി സ്ഥാപിച്ചതിന്റെ എണ്ണം (നമ്പർ)	708556	615719	651072	1039790	173640

ശബരി റെയിൽ

53 (2291) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരി റെയിലിന്റെ കാലടി റെയിൽവേ സ്റ്റേഷൻ വരെയുള്ള നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിക്കുന്നതിലെ കാലതാമസത്തിനു കാരണമെന്തെന്നു വിശദമാക്കാമോ ;

(ബി) ഇത് എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നു വ്യക്തമാക്കാമോ;

(സി) അങ്കമാലി നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്ന നിർദ്ദിഷ്ട റെയിൽപ്പാതയുടെ അലൈൻമെന്റിൽ എവിടെയെല്ലാമാണ് മേൽപ്പാലങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly